## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2912      13.07.2015-ന് മറുപടി നൽകേണ്ടത്

### മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ

**ചോദ്യം** — ശ്രീ. വി. ശിവൻകുട്ടി

**ഉത്തരം** — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

(എ) കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ) വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ ചുവടെ ചേർക്കും പ്രകാരമാണ് 25 കോടി രൂപ വകയിരുത്തിയിരുന്നത്.

| ക്രമ നം. | പദ്ധതി | ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മൂലധന നിക്ഷേപം | 1000 |
| 2 | ഓപ്പറേഷണൽ എക്സ്പൻസ് | 60 |
| 3 | കോച്ചിംഗ് അസിസ്റ്റൻസ് | 140 |
| 4 | ടേം ലോൺ അസിസ്റ്റൻസ് | 400 |
| 5 | സ്കോളർഷിപ്പ് പ്രോഗ്രാം | 800 |
| 6 | സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം | 100 |
| | ആകെ | 2500 |

മൂലധന ഇനത്തിൽ വകയിരുത്തിയ 10 കോടി രൂപയിൽ ആദ്യ ഗഡുവായി അനുവദിച്ച 4 കോടി രൂപ വിനിയോഗിച്ച് IDBI ബാങ്കിന്റെ സഹകരണത്തോടെ MSME & Agro Purpose Sector - ൽ ഗുണഭോക്താക്കൾ സ്വയംതൊഴിൽ പദ്ധതിയ്ക്കായി എടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ശേഷിച്ച 6 കോടി രൂപയും സെപ്റ്റംബർ 30-നകം ഈ പദ്ധതിയ്ക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും.

കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതിയിൽ അനുവദിച്ച 140 ലക്ഷം രൂപ വിനിയോഗിച്ച് Medical/Engineering Entrance, Bank/PSC/UPSC Coaching എന്നീ വിഭാഗങ്ങളിൽ അർഹരായ വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | Term Loan Assistance സ്കീമിൽ 3333 ഗുണഭോക്താക്കൾക്കായി 400 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 2376 ഗുണഭോക്താക്കളെ മാത്രമേ അവസാനമായി സെലക്ട് ചെയ്യാൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ ഈ സ്കീമിന് 2,01,37,283/- രൂപ മാത്രം ആവശ്യമായി വരികയും ഈ തുക Nationalised Bank/Scheduled Bank/Co-operative Bank എന്നിവിടങ്ങളിൽ നിന്നും Self Help Group/Joint Liability Group-കൾ സ്വയം തൊഴിലിനായി എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2376 സംഘങ്ങൾക്ക് പലിശ സഹായത്തിന്റെ പ്രയോജനം ലഭിച്ചു. ഈ സ്കീമിൽ ഉപയോഗപ്പെടുത്താൻ കഴിയാതിരുന്ന 1,98,62,717/- രൂപ മെറിറ്റ് സ്കോളർഷിപ്പ് സ്കീമിലേയ്ക്ക് റീ അലോക്കേറ്റ് ചെയ്തിട്ടുണ്ട്.<br>ഇപ്രകാരം സ്കോളർഷിപ്പ് സ്കീമിനായി വകയിരുത്തിയിരുന്ന 998.62 ലക്ഷം രൂപയിൽ 5 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. High School, Higher Secondary, CA/ICWA/CS, Bachelors Degree, Masters Degree, Diploma, National Level Institute എന്നീ തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഈ തുക വിനിയോഗിച്ച് വരുന്നു. ബാക്കിയുള്ള 498.62 ലക്ഷം രൂപയും സർക്കാർ അനുമതിയോടെ സെപ്റ്റംബർ 30-നകം വിനിയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിനായി വകയിരുത്തിയിരുന്ന 1 കോടി രൂപയിൽ 50 ലക്ഷം രൂപ Kerala Academy for Skill Excellence എന്ന സ്ഥാപനവുമായി ചേർന്ന് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതിയുടെ ആദ്യഘട്ടത്തിലേയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 50 ലക്ഷം രൂപ സെപ്റ്റംബർ 30-നകം ഈ പദ്ധതിയ്ക്കു വേണ്ടി വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ